എൽ.ആർ.എ 6- 24484/2020

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് ബിൽഡിംഗ്
മ്യൂസിയം, തിരുവനന്തപുരം - 695033
തീയതി - 15.10.2020

കമ്മീഷണർ,
ലാൻഡ് റവന്യൂ.

ജില്ലാ കളക്ടർ,
പത്തനംതിട്ട.

സർ,

വിഷയം : സമുദായ സർട്ടിഫിക്കറ്റ് - മത വിശ്വാസിയല്ലാത്ത വ്യക്തിക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന ആവശ്യം സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച്.

സൂചന : 1) The constitutional (Scheduled Castes) order 1950.
2) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 2.5.1975 ലെ 35/1/72-Ru(SCT.V) നം. സർക്കുലർ.
3) താങ്കളുടെ 08.9.2020 ലെ ബി6-2177/2020 നം. കത്ത്.

------------

സൂചന (3) ലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. റാന്നി താലൂക്കിൽ വടശ്ശേരിക്കര വില്ലേജിൽ തകിടിയിൽ വീട്ടിൽ ശ്രീ. വിജയകുമാർ എന്നയാൾ ഹിന്ദുമത വിശ്വാസിയല്ലായെന്നും ടിയാൾക്ക് മതം പരിഗണിക്കാതെ പട്ടികജാതി സമുദായ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് ആവശ്യമുന്നയിച്ചിട്ടുള്ളതാണെന്നും പ്രസ്തുത സാഹചര്യത്തിൽ മതം പരിഗണിയ്ക്കാതെ പട്ടികജാതി സമുദായ സാക്ഷ്യപത്രം അനുവദിയ്ക്കാവുന്നതാണോ എന്നതു സംബന്ധിച്ച സ്പഷ്ടീകരണം നൽകണമെന്നാണ് സൂചന (3) പ്രകാരം താങ്കൾ ആവശ്യപ്പെട്ടിരുന്നത്.

സൂചന (1) പ്രകാരമുള്ളതും ഇൻഡ്യൻ ഭരണഘടനയുടെ 341-ാം അനുച്ഛേദം 1-ാം ഖണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള 1950 ലെ പ്രസിഡൻഷ്യൽ ഓർഡറിനെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്ത് പട്ടികജാതി സമുദായ സാക്ഷ്യപത്രങ്ങൾ അനുവദിച്ചു വരുന്നത്. പ്രസ്തുത ഉത്തരവിന്റെ 3-ാം ഖണ്ഡ പ്രകാരം പട്ടികജാതി എന്ന് അവകാശപ്പെടുന്ന

Scanned with CamScanner

ഏതൊരു വ്യക്തിയും ഹിന്ദു, സിഖ്, ബുദ്ധ എന്നിങ്ങനെയുള്ള ഏതെങ്കിലുമൊരു മതത്തിൽ വിശ്വസിക്കുന്നയാൾ ആയിരിക്കണമെന്ന് വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും പട്ടികജാതി/പട്ടികഗോത്രവർഗ്ഗ സാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നതു സംബന്ധിച്ച് സൂചന (2) പ്രകാരം കേന്ദ്ര ആഭ്യന്തര മന്ത്രാലയം സർക്കുലർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത മാർഗ്ഗ നിർദ്ദേശത്തിന്റെ 1-ാം ഖണ്ഡത്തിന്റെ (iv)-ാം ഉപഖണ്ഡ പ്രകാരം പട്ടികജാതി എന്നവകാശവാദം ചെയ്യുന്ന ഏതൊരാളും നിർബന്ധമായും ഹിന്ദു, സിഖ്, അഥവാ ബുദ്ധമത വിശ്വാസി ആയിരിക്കണമെന്നു നിഷ്കർഷിച്ചിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ ഹിന്ദുമത വിശ്വാസിയല്ലാത്ത വ്യക്തിക്ക് പ്രസ്തുത മതത്തിലെ ഒരു ജാതി വിഭാഗമായ പുലയ സമുദായ സാക്ഷ്യപത്രം അനുവദിക്കാവുന്നതല്ല എന്ന വിവരം അറിയിക്കുന്നു. ശ്രീ. വിജയകുമാറിന്റെ അപേക്ഷയിൽ ഉടൻതന്നെ നിയമാനുസൃത തീരുമാനം കൈക്കൊള്ളേണ്ടതും വിവരം ഈ കാര്യാലയത്തിലേക്ക് അറിയിക്കേണ്ടതുമാണ്. സൂചന (1), (2) എന്നിവയുടെ പകർപ്പുകളും ഇതോടൊപ്പം അറിവിലേക്കായി അയയ്ക്കുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)

ജോയിന്റ് കമ്മീഷണർ

അംഗീകാരത്തോടെ

സൂപ്രണ്ട്

Scanned with CamScanner